അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ സംവിധാനവും നൽകുന്നതിനും 9-ാം എംപവേർഡ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഭൂരേഖകൾ ജില്ലാതലത്തിൽ ഡിജിറ്റൈസ് ചെയ്യുന്നതിന് 12 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുകയും ഇതിൽ മുഴുവൻ ഡിജിറ്റൈസേഷൻ സെന്ററുകളും പ്രവർത്തന സജ്ജമായിട്ടുള്ളതുമാകുന്നു. ജില്ലാതല ഡിജിറ്റൈസേഷൻ സെന്ററുകളുടെ ഏകോപനത്തിനായി തിരുവനന്തപുരത്ത് സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ജില്ലാതലങ്ങളിലുള്ള റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേറെക്കോർഡ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലുമാണ്.

വിദ്യാഭ്യാസ അവകാശ നിയമം

8(*248) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുംവിധത്തിൽ സ്കൂളുകളുടെ ഘടനാമാറ്റം പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) :

(എ&ബി) 2009-ലെ കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമപ്രകാരം പ്രാഥമിക വിദ്യാഭ്യാസം 1 മുതൽ 8 വരെ ക്ലാസുകളിലായാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര നിയമത്തിന്റെ ചുവടുപിടിച്ച് 30-4-2011-ലെ ജി.ഒ.(പി) 100/11/പൊവി.വ. പ്രകാരം സംസ്ഥാനം വിദ്യാഭ്യാസ അവകാശചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 6(2) പ്രകാരം ആ പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യവും നിലവിലുള്ള അയൽപക്ക സ്കൂളുകളിൽ ആവശ്യമായ ക്ലാസുകളുടെ ലഭ്യതയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും വ്യക്തമായ ശിപാർശയും കണക്കിലെടുത്ത് നിലവിലുള്ള 1 മുതൽ 4 വരെ ക്ലാസുകളുള്ള ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 5 മുതൽ 8 വരെയും

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള 5-ാം ക്ലാസ് മുതലുള്ള സ്കൂളുകളിൽ 1 മുതൽ 4 വരെ ക്ലാസുകളും ചേർത്ത് അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഘട്ടംഘട്ടമായി പരിശോധിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിലെ വിദ്യാഭ്യാസ സാഹചര്യവും സാമ്പത്തികാവസ്ഥയും കണക്കിലെടുക്കുമ്പോൾ യാന്ത്രികമായ ഒരു ഘടനാമാറ്റം വൻ സാമ്പത്തിക ബാധ്യതയ്ക്കും ധാരാളമായി അധ്യാപകരുടെ അശാസ്ത്രീയമായ തരംതാഴ്ത്തലുകൾക്കും പുനർവിന്യാസത്തിനും കാരണമാകുമെന്ന് കണ്ടതിനാൽ 3-5-2013-ലെ ജി.ഒ.(എംഎസ്.)154/13/ പൊ.വി.വ. നമ്പരായി കേരളത്തിൽ പ്രാഥമിക വിദ്യാഭ്യാസം 1 മുതൽ 8 വരെ പ്രഖ്യാപിച്ചുകൊണ്ടും V-ാം ക്ലാസ്സുകൾപ്പെട്ട യു.പി. സ്കൂളുകളെയെല്ലാം ലോവർ & അപ്പർ പ്രൈമറി സ്കൂളുകൾ എന്നും VIII-ാം ക്ലാസുൾപ്പെട്ട ഹൈസ്കൂളുകളെ അപ്പർപ്രൈമറി & ഹൈസ്കൂൾ എന്നും പുനർനാമകരണം ചെയ്തിട്ടുണ്ട്. സ്കൂളുകളുടെ ഘടനയിൽ മാറ്റം വരുത്തുന്ന വിഷയം പരിഗണനയിലില്ല.

റോഡുകൾക്ക് മിനിമം ഗ്യാരന്റി

9(*249) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സംസ്ഥാനത്ത് റോഡുകളുടെ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നിബന്ധന പൊതുമരാമത്ത് മാന്വൽ പ്രകാരം നിലവിലുണ്ട്. റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയശേഷം നിശ്ചിത കാലാവധിക്ക് ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരം പണി ഏറ്റെടുക്കുന്ന കരാറുകാർ തന്നെ പ്രവൃത്തിയുടെ ഗ്യാരന്റി പിരീഡിൽ ഉണ്ടാകുന്ന കേടുപാടുകൾ അവരുടെ ചെലവിൽതന്നെ ചെയ്യേണ്ടതാണ്. ഇതുകൂടാതെ 5 വർഷം മെയിന്റനൻസ്

LIBRARY ARCHIVES Kerala Legislative Assembly